"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോട്ടയം മുനിസിപ്പാലിറ്റിയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ശ്യാം.എസ്.കെ, ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 1274/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1945/2023/LSGD   തീയതി,തിരുവനന്തപുരം, 03-10-2023

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ.ശ്യാം.എസ്.കെ, സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ(അനക്ഷർ എ6 )
3. ശ്രീ.ശ്യാം.എസ്.കെ, ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 1274/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.09.2023 തീയതിയിലെ .LSGD/PD/54973/2023-DEB1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി കോട്ടയം മുനിസിപ്പാലിറ്റിയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ശ്യാം.എസ്.കെ, സമർപ്പിച്ച പരാമർശം 2അപ്പീൽ (അനക്ഷർ എ6) പ്രകാരം, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള തന്റെ സ്ഥലം മാറ്റം ഒഴിവാക്കി കൊച്ചി നഗരസഭയിലേക്ക് അർഹതപ്പെട്ട സ്ഥലംമാറ്റം അനുവദിക്കുന്നതിനു അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.ശ്യാം.എസ്.കെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1274/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനക്ഷർ എ6 അപ്പീൽ പരിഗണിച്ച് ആയതിൽ ഉത്തരവ് ലഭിച്ച തീയതിമുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.ശ്യാം.എസ്.കെ, സമർപ്പിച്ച അനക്ഷർ എ 6 അപ്പീൽ അപേക്ഷ പ്രകാരം, കോട്ടയം നഗരസഭയിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന തനിക്ക് ജനറൽ ട്രാൻസ്ഫർ ഫൈനൽ ക്യൂ ലിസ്റ്റ് പ്രകാരം Total eligible station Seniority Period -4 Years 5 Months 16 days (Total days – 1628) ഉള്ളതായും, തന്റെ ട്രാൻസ്ഫർ റിക്വസ്റ്റ്

പ്രകാരമുള്ള, ചേർത്തല മുനിസിപ്പാലിറ്റി, കൊച്ചിൻ കോർപ്പറേഷൻ, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലേയ്ക്ക് പരിഗണിക്കാതെ Final Transfer Order ൽ എനിക്ക് ആലപ്പുഴ ജില്ലയിലെ റിക്വസ്റ്റ് സമർപ്പിച്ചിട്ടില്ലാത്ത ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കാണ് ട്രാൻസ്ഫർ അനുവദിച്ചിട്ടുള്ളത് എന്നും അറിയിക്കുന്നു. തന്റെ രണ്ടാമത്തെ ഓപ്ഷനായി റിക്വസ്റ്റ് സമർപ്പിച്ചിട്ടുള്ള കൊച്ചിൻ കോർപ്പറേഷനിൽ ഒഴിവ് ഉണ്ടായിരുന്നതും ടി ഒഴിവിലേയ്ക്ക് പൊതുസ്ഥലം മാറ്റം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തന്നേക്കാൾ Eligible Station Seniority കുറവുള്ള ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതായും കാണുന്നതായും, General Transfer Final Queue List, Ernakulam (Working outside district) പ്രകാരം താൻ ക്രമ നമ്പർ 6 ആയി ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ കൊച്ചിൻ കോർപ്പറേഷനിൽ നിയമിച്ച ജീവനക്കാർ ടി ലിസ്റ്റിൽ ക്രമ നമ്പർ 31 മുതൽ ഉൾപ്പെട്ടു വന്നിട്ടുള്ളവരുമാണ് എന്നും അറിയിക്കുന്നു. പൊതുസ്ഥലം മാറ്റം മാനദണ്ഡങ്ങൾ പ്രകാരം ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31 ന് 3 വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതാണ് എന്നിരിക്കെ കൊച്ചിൻ കോർപ്പറേഷനിൽ 3 വർഷത്തിലധികം സർവ്വീസുള്ള ജീവനക്കാർ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ നൽകാതെയും ടി ട്രാൻസ്ഫർ ഓർഡറിൽ ഉൾപ്പെടാതെയും നിലവിൽ ടി സ്റ്റേഷനിൽ തന്നെ തുടരുന്നതായി കാണുന്നതായും ആയതിനാൽ പൊതുസ്ഥലം മാറ്റം മാനദണ്ഡങ്ങൾ പ്രകാരം ട്രാൻസ്ഫർ റിക്വസ്റ്റ് പരിഗണിച്ച് ടിയാൻ റിക്വസ്റ്റ് നൽകിയിട്ടുള്ള സ്റ്റേഷനായ കൊച്ചി നഗരസഭയിലെ ഒഴിവിലേയ്ക്ക് മാനദണ്ഡങ്ങൾ പ്രകാരം അർഹതപ്പെട്ട സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശ്രീ.ശ്യാം.എസ്.കെ, അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, കോട്ടയം മുനിസിപ്പാലിറ്റിയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ശ്യാം.എസ്.കെ. യെ 03.07.2023 ലെ ഉത്തരവ് പ്രകാരം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിലേയ്ക്ക് സ്ഥലം മാറ്റിയിരുന്നതിനെതിരെയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നും, ശ്രീ.ശ്യാം.എസ്.കെ കോട്ടയം മുനിസിപ്പാലിറ്റിയിൽ 06.09.2018 മുതൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുകയാണ് എന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് ശ്രീ.ശ്യാം.എസ്.കെ-യ്ക്ക് അവസരം ലഭിക്കുകയും, ടിയാൾ സ്ഥലം മാറ്റത്തിനായി ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റി, എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷൻ, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി എന്നിവയാണ് ഓപ്ഷൻ നൽകിയിരുന്നത് എന്നും അറിയിക്കുന്നു. ശ്രീ.ശ്യാം.എസ്.കെ-യ്ക്ക് 1628 ദിവസത്തെ സ്റ്റേഷൻ സീനിയോറിറ്റിയാണുള്ളതെന്നും ടിയാളുടെ ഓപ്ഷനായ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലേയ്ക്ക് പരിഗണിച്ചിരിയ്ക്കുന്ന ശ്രീ.മഞ്ജുകെ.എസ്-ന് 1665 ദിവസത്തെ സ്റ്റേഷൻ സീനിയോറിറ്റിയുള്ളതായും, ടിയാൾ ഓപ്ഷൻ നൽകിയ ചേർത്തല മുനിസിപ്പാലിറ്റിയിൽ ഒഴിവ് ഇല്ലാതിരുന്നതുമാണ് എന്നും ടിയാളുടെ ഹോം ജില്ല ആലപ്പുഴയായതിനാൽ പൊതുസ്ഥലംമാറ്റ പ്രകാരം ടിയാളെ ഒന്നാമത്തെ ഓപ്ഷനായ ആലപ്പുഴ ജില്ലയിലേയ്ക്കാണ് പരിഗണിച്ചത് എന്നും ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ അല്ലെങ്കിലും സ്ഥലം മാറ്റത്തിന് പരിഗണിക്കാമെന്ന് ടിയാൻ സമ്മതം ഓൺലൈൻ അപേക്ഷയിലൂടെ നൽകിയിട്ടുള്ളതിനാലും, ടിയാളുടെ ഒന്നാമത്തെ ഓപ്ഷനായ ചേർത്തല മുനിസിപ്പാലിറ്റിയിൽ ഒഴിവ് ഇല്ലാതിരുന്നതിനാലുമാണ് ആലപ്പുഴ ജില്ലയിൽ ഒഴിവുണ്ടായിരുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റിലേയ്ക്ക് ടിയാളെ സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളത് എന്നും ടിയാളെ ആലപ്പുഴ ജില്ലയിലേയ്ക്ക് പരിഗണിച്ചതിനാലാണ് ടിയാളുടെ ഓപ്ഷനായ കൊച്ചിൻ കോർപ്പറേഷനിൽ ടിയാനെക്കാൾ ജൂനിയറായിട്ടുള്ളവരെ പരിഗണിച്ചത്

എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ട് പ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ ശ്രീ.ശ്യാം.എസ്.കെ-യുടെ സ്ഥലംമാറ്റ അപേക്ഷയിലെ ഒന്നാമത്തെ ഓപ്ഷനായ ചേർത്തല മുനിസിപ്പാലിറ്റിയിൽ ഒഴിവ് ഇല്ലാതിരുന്നതിനാലാണ് ടിയാളുടെ ഹോം ജില്ലയായ ആലപ്പുഴ ജില്ലയിൽ തന്നെ ഒഴിവുണ്ടായിരുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളത്. ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ അല്ലെങ്കിലും സ്ഥലം മാറ്റത്തിന് പരിഗണിക്കാമെന്ന് ടിയാൻ സമ്മതം ഓൺലൈൻ അപേക്ഷയിലൂടെ നൽകിയിട്ടുള്ളതായും കാണുന്നു. കൂടാതെ ടിയാളുടെ ഓപ്ഷനായ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലേയ്ക്ക് ടിയാനെക്കാൾ സ്റ്റേഷൻ സീനിയോറിറ്റി കൂടുതൽ ഉള്ളയാളിനെയാണ് നിയമിച്ചിട്ടുള്ളത്.

5. മേൽ സാഹചര്യത്തിൽ 06.09.2018 മുതൽ കോട്ടയം മുനിസിപ്പാലിറ്റിയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ശ്യാം.എസ്.കെ-യെ ടിയാന്റെ ഓപ്ഷൻ അല്ലാത്തതും എന്നാൽ ഹോം ജില്ലയായ ആലപ്പുഴ ജില്ലയിലെ തന്നെ ഒഴിവുണ്ടായിരുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റിലേയ്ക്ക് സ്ഥലം മാറ്റിയ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവിൽ അപാകതയുള്ളതായി കാണുന്നില്ലായെന്നതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 1274/2023 നമ്പർ കേസിലെ 10.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR MANJU K

അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം

ശ്രീ.ശ്യാം.എസ്.കെ, സൂപ്രണ്ട്, കോട്ടയം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 04-10-2023 10:30:21

സെക്ഷൻ ഓഫീസർ